ബിൽഡിംഗ് റൂൾസ് നടപ്പാക്കുന്നതിന് നടപടികൾ

67 (2190) ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ബിൽഡിംഗ് റൂൾസ് കർശനമായി നടപ്പാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ദീർഘവീക്ഷണത്തോടെയുള്ള വികസനം സാദ്ധ്യമാക്കാൻ എല്ലാ പഞ്ചായത്തുകളിലും ബിൽഡിംഗ് റൂൾസ് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും കെട്ടിട നിർമ്മാണ ചട്ടം നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. റൂൾസ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി ഉടനെ സമർപ്പിക്കുന്നതാണ്.

പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം ഗ്രാമപഞ്ചായത്തിൽ നടന്ന ക്രമക്കേടുകളെപ്പറ്റി നടത്തിയ വിജിലൻസ് അന്വേഷണം

68 (2191) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം ഗ്രാമപഞ്ചായത്തിൽ മുൻ ഭരണസമിതിയുടെ കാലത്ത് നടന്ന മണൽ വാരലിലും പാവപ്പെട്ടവരുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിലും നടന്ന ക്രമക്കേടുകളെപ്പറ്റി നടത്തിയ വിജിലൻസ് അന്വേഷണം പൂർത്തിയായോ ; ഇല്ലെങ്കിൽ കാരണമെന്ത് ; ഇതിനായുള്ള അന്വേഷണ ഉത്തരവ് എന്നാണ് നൽകിയത് ;

(ബി) പ്രസ്തുത കേസിൽ എത്ര പേരിൽ നിന്നും തെളിവെടുപ്പ് ഇതുവരെ നടത്തി ; ഇനിയും തെളിവെടുപ്പ് നടത്താനുണ്ടോ ; വിശദമാക്കാമോ ;

(സി) അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി ക്രമക്കേട് നടത്തിയവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാനുള്ള അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത അന്വേഷണം സംബന്ധിച്ച് 28-01-1999-ൽ ഉത്തരവായ വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല. വിജിലൻസ് അന്വേഷണത്തോടനുബന്ധിച്ച് ധാരാളം സാക്ഷികളെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തേണ്ടതായുള്ളതുകൊണ്ടും ബന്ധപ്പെട്ട റിക്കോർഡുകൾ സൂക്ഷ്മമായി പരിശോധിക്കാനുള്ളതുകൊണ്ടുമാണ് അന്വേഷണം പൂർത്തിയാകാത്തത്.

LIBRARY ARCHIVES Kerala Legislative Assembly